(2) സംസ്ഥാന ജീവനക്കാരുടെ സ്ഥലംമാറ്റം, പ്രൊമോഷൻ മുതലായവ സംബന്ധിച്ച നിയമനിർമ്മാണം

ശ്രീ. കെ. പ്രകാശ് ബാബു : സർ, ബഹുമാനപ്പെട്ട അങ്ങയുടെ നിർദ്ദേശവും കൂടി പരിഗണിച്ചുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ തന്നിട്ടുള്ളത്. സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റങ്ങളിലേക്ക് ഒരു നിയമ നിർമ്മാണം നടത്തണമെന്നതാണ് എന്റെ വിഷയം. വിവിധ ഡിപ്പാർട്ടുമെന്റുകൾക്ക് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അദ്ധ്യാപകരടക്കമുള്ള സർക്കാർ ജീവനക്കാരുടെ ട്രാൻസ്ഫർ നടക്കേണ്ടുന്നതും, പലപ്പോഴും നടക്കുന്നതും. എങ്കിലും ചിലപ്പോഴെങ്കിലും ഒരു മാസം തന്നെ നാലും അഞ്ചും തവണ സ്ഥലം മാറേണ്ടിവരുന്ന ഉദ്യോഗസ്ഥർ നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. പലപ്പോഴും പത്രങ്ങളിൽ ബോക്സ് ന്യൂസായി അത് വരാറുണ്ട്. അതേ സമയംതന്നെ തിരുവനന്തപുരം പോലെയുള്ള പട്ടണങ്ങളിൽ പത്തും പതിനഞ്ചും വർഷമായി പ്രൊമോഷൻ കിട്ടിയതിനുശേഷവും ഈ ജില്ലയിൽ തന്നെ തുടരുന്നത്, ചിലപ്പോൾ ഈ ഓഫീസിൽ തന്നെ തുടരുന്നത് അങ്ങനെയുള്ള സംഭവങ്ങളും, അങ്ങനെയുള്ള ജീവനക്കാരും നമ്മുടെ നാട്ടിലുണ്ട്. കണ്ണൂരും കാസർകോട്ടും പത്തും, പതിനഞ്ചും വർഷങ്ങളായി കിടക്കുന്ന ആളുകൾക്ക് ഇങ്ങോട്ടു വരാൻ കഴിയാത്ത സന്ദർഭവും ഉണ്ട്. അതുകൊണ്ട് ഈ സാഹചര്യം ഒഴിവാക്കേണ്ടുന്നതാണ്. മാറ്റം വരുത്തേണ്ടുന്നതാണ്. സർവ്വീസ് സംഘടനകളുമായി അതിന്റെ പ്രതിനിധികളുമായി ആലോചിച്ചുകൊണ്ടു തന്നെ ജീവനക്കാരുടെ പ്രൊമോഷൻ ഉൾപ്പെടെയുള്ള ട്രാൻസ്ഫറുകളെ സംബന്ധിച്ചിടത്തോളം ഒരു നിയമ നിർമ്മാണം നടത്തുന്നതിന് ബഹു. ഗവൺമെന്റ് മുൻകൈ എടുക്കണമെന്ന് ഞാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, സംസ്ഥാന ജീവനക്കാരുടെ പ്രൊമോഷൻ ഉൾപ്പെടെയുള്ള സ്ഥലം മാറ്റങ്ങൾക്ക് അനുവർത്തിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ നിന്നും 22.5.89-ലെ സർക്കാർ ഉത്തരവ് (പി)15/89/-ാം നമ്പരായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ആവശ്യമായി വന്നിട്ടുള്ള ഭേദഗതികളും നിർദ്ദേശിച്ചിട്ടുണ്ട്. പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം അതാതു വകുപ്പുകൾക്ക് യുക്തമെന്നു തോന്നുന്ന വിധത്തിൽ, മാനദണ്ഡങ്ങളുടെ അന്തസ്സത്ത ലംഘിക്കാതെയും മറ്റു വകുപ്പുകൾക്ക് അതാതു വകുപ്പിന്റെ പ്രത്യേകതകൾ കണക്കിലെടുത്തും പ്രത്യേക മാനദണ്ഡങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്. പല വകുപ്പുകളിലും ഇപ്രകാരം സ്ഥലം മാറ്റത്തിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലുണ്ട്. സ്ഥലം മാറ്റങ്ങൾ സംബന്ധിച്ച് സാധാരണ ഉണ്ടാകാവുന്ന പരാതികൾ അതാതു വകുപ്പുകളാണ് കൈകാര്യം ചെയ്യുന്നതും പരിഹരിക്കുന്നതും. ജീവനക്കാർക്ക് ബുദ്ധിമുട്ട് കഴിയുന്നതും ഉണ്ടാകാത്ത രീതിയിലാണ് സ്ഥലം മാറ്റ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും. എന്നാൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നിയമനിർമ്മാണം നടത്തണമെന്ന നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല. സ്ഥലം മാറ്റം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ആ മേഖലയിലെ അംഗീകൃത സംഘടനകളുമായി ചർച്ചചെയ്താണ് തീരുമാനിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly